കാസർഗോഡ് ജില്ലയിലെ സ്റ്റാഫ് നഴ്സ് പി.എസ്.സി.ലിസ്റ്റ്

44 (631) ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ സ്റ്റാഫ് നഴ്സ് നിയമനത്തിന് ഇപ്പോൾ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ ;

(ബി) എങ്കിൽ ലിസ്റ്റ് നിലവിൽ വന്നത് എന്നാണെന്നും ഇതുവരെ എത്ര പേരെ നിയമിച്ചുവെന്നും അറിയിക്കുമോ ;

(സി) ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നത് എപ്പോഴാണെന്ന് അറിയിക്കുമോ ;

(ഡി) ലിസ്റ്റിന്റെ കാലാവധി നീട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) നിലവിലുണ്ട്

(ബി) 29-6-2007-ലാണ് പ്രസ്തുത ലിസ്റ്റ് നിലവിൽവന്നത്. ഇതുവരെ 65 പേരെ നിയമിച്ചിട്ടുണ്ട്.

(സി) 31-5-2011-ൽ

(ഡി) ഇതുസംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

നഴ്സിംഗ് പഠനം

45 (632) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നഴ്സിംഗ് പഠന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) നഴ്സിംഗ് പഠന സ്ഥാപനങ്ങളുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് അംഗീകാരമില്ലാത്ത നഴ്സിംഗ് പഠന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് തടയുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) നഴ്സിംഗ് പാസായവർക്കുള്ള തൊഴിൽ സാധ്യത പരിഗണിച്ച് സ്വകാര്യ സഹകരണ മേഖലകളിൽ കൂടുതൽ നഴ്സിംഗ് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് നഴ്സിംഗ് പഠനസൗകര്യം വർദ്ധിപ്പിക്കുന്നതിനായി ജനറൽ നഴ്സിംഗ് & മിഡ്വൈഫറി, ബി.എസ്.സി. നഴ്സിംഗ് കോഴ്സുകളുടെ സീറ്റുകൾ വർദ്ധിപ്പിക്കുകയും, പുതിയ നഴ്സിംഗ് സ്കൂളുകളും കോളേജുകളും തുടങ്ങുകയും ചെയ്തു. കൂടാതെ എം.എസ്.സി. നഴ്സിംഗ്, പോസ്റ്റ് ബേസിക് ബി.എസ്.സി.നഴ്സിംഗ് എന്നിവ സ്വകാര്യ മേഖലയിൽ ആരംഭിച്ചു.

ഗവൺമെന്റ് തലത്തിൽ നഴ്സിംഗ് കോളേജുകളിലും സ്കൂളുകളിലും സീറ്റ് വർദ്ധിപ്പിക്കുകയും പുതുതായി ആലപ്പുഴ, തൃശൂർ എന്നിവിടങ്ങളിൽ എം.എസ്.സി.നഴ്സിംഗ് തുടങ്ങുകയും ചെയ്തിട്ടുണ്ട്. പോസ്റ്റ് ബേസിക് ബി. എസ്. സി. നഴ്സിംഗ്, പോസ്റ്റ് ബേസിക് ഡിപ്ലോമ കോഴ്സുകളും ഗവൺമെന്റ് തലത്തിൽ തുടങ്ങിക്കഴിഞ്ഞു.

(ബി) ഉണ്ട്. സംസ്ഥാനത്തെ നഴ്സിംഗ് സ്ഥാപനങ്ങളിൽ എല്ലാവർഷവും കേരള നഴ്സസ് ആന്റ് മിഡ്വൈഫ്സ് കൗൺസിൽ മുഖേന പരിശോധന നടത്തുകയും കുറവുകൾ കണ്ടെത്തിയാൽ അവ പരിഹരിക്കുന്നതിന് നിർദ്ദേശം കൊടുക്കുകയും ചെയ്യുന്നുണ്ട്. അവ പരിഹരിച്ചോ എന്ന് വീണ്ടും പരിശോധിച്ച് ഉറപ്പു വരുത്തുകയും ചെയ്തുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അംഗീകാരമില്ലാത്ത നഴ്സിംഗ് പഠന സ്ഥാപനങ്ങൾക്കെതിരെ കേരള നഴ്സസ് ആന്റ് മിഡ്വൈവ്സ് കൗൺസിൽ നടപടി എടുത്തിട്ടുണ്ട്.

(ഡി) നൽകിവരുന്നുണ്ട്.

മലയോര മേഖലയിലെ ആരോഗ്യ കേന്ദ്രങ്ങളിലെ സ്റ്റാഫിന്റെ അപര്യാപ്തത

46 (634) ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി മലയോര മേഖലയിൽ പ്രവർത്തിക്കുന്ന വിതുര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലും തൊളിക്കോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിലും മതിയായ സ്റ്റാഫ് ഇല്ലായെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിതുര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ സിവിൽ സർജൻ, അസിസ്റ്റന്റ് സർജൻ എന്നീ തസ്തികകൾ എത്ര നാളായി ഒഴിഞ്ഞു കിടക്കുന്നു ;

(സി) തൊളിക്കോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഫീൽഡ് സ്റ്റാഫിന്റേയും ഡോക്ടർമാരുടേയും അഭാവം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ സ്ഥിരമായി ഫീൽഡ് സ്റ്റാഫിനേയും ഡോക്ടറേയും നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly